

**അമേരിക്കയുടെ സാമ്രാജ്യത്വ തന്ത്രങ്ങളെ സമർഥമായി വ്യാഖ്യാനിക്കുകയെന്ന ദൗത്യമാണ് ആഗോള മീഡിയ ഏറ്റെടുത്തിരിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ മാധ്യമരംഗം പൂർണമായും ഭരണകൂടത്തിന്റെ റാൻമൂളികളായി മാറി. *ന്യൂസ് കോർപ്പറേഷൻ, ടൈംവാർണർ, ഡിസ്നി, ബെർടിൽസ്മാൻ, വിയാകോം, ടി. സി.ഐ* എന്നിവയാണ് മാധ്യമരംഗം അടക്കിവാണുകൊണ്ടിരുന്നത്. *ന്യൂയോർക്ക് ടൈംസ്, വാഷിംഗ്ടൺ പോസ്റ്റ്, വാൾസ്ട്രീറ്റ് ജേർണൽ, ടൈം മാഗസിൻ, ന്യൂസ് വീക്ക്* എന്നിവ ആധിപത്യ ശക്തികളുടെ മൂല്യങ്ങളും വീക്ഷണങ്ങളും പ്രസരണം ചെയ്യുന്നതിൽ മത്സരിക്കുകയാണ്.**

# നവലോകനീതിയും മാധ്യമങ്ങളും

**ശക്കീർ മുല്ലക്കര**

**അമേരിക്ക** കേന്ദ്രബിന്ദുവായി മാറിയ ഈ കാലഘട്ടത്തിന് ധാരാളം സവിശേഷതകളുണ്ട്. ആഗോളീകരണ പ്രക്രിയകളുടെ വ്യാപനത്തിനുവേണ്ടി പാശ്ചാത്യരാഷ്ട്രങ്ങൾ കല, സാഹിത്യം, വിജ്ഞാനം, മീഡിയ, സിനിമ, സംഗീതം എന്നീ ഘടകങ്ങളെ തന്ത്രപരമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പൊതുധാരണയെ രൂപപ്പെടുത്തുന്നതിൽ മീഡിയക്ക് സുപ്രധാന റോളുണ്ടെന്ന് ഹേബർമാസ് അഭിപ്രായപ്പെടുന്നു. ഉമ്പർട്ടോ എക്കോ ചാനലുകളെ കത്തുകളോടാണുപമിക്കുന്നത്. സന്ദേശങ്ങൾ കൃത്യമായി മേൽവിലാസക്കാരനിലേക്കെത്തിക്കാൻ മാധ്യമങ്ങൾക്ക് കഴിയുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

മാധ്യമങ്ങൾ കർത്തവ്യനിർവഹണത്തിൽ വീഴ്ചവരുത്തുമ്പോൾ ഭൂരിപക്ഷ ജനത മൗലികവിഷയങ്ങളെ കുറിച്ച് അജ്ഞരായിത്തീരുന്നു. പിന്നീട് ന്യൂനപക്ഷംവരുന്ന കുലീനവർഗമായിരിക്കും സുപ്രധാന തീരുമാനങ്ങളെടുക്കുക. ജനാധിപത്യത്തിന്റെ കാവൽനായ്ക്കളാണ് പത്രങ്ങൾ. കൃത്യമായ തീരുമാനമെടുക്കുന്നതിന് ജനങ്ങൾക്ക് ശരിയായ വിവരങ്ങൾ വിതരണം ചെയ്യുക, ജനാധിപത്യ വ്യവസ്ഥിതിയിൽ എല്ലാ വിഭാഗത്തിനും

അർഹമായ പരിഗണന ഉറപ്പുവരുത്തുക എന്നിവ ജനാധിപത്യത്തിന്റെ പൂർണതക്ക് പത്രങ്ങളിൽ നിക്ഷിപ്തമായ കർത്തവ്യങ്ങളാണ്. മറ്റു തൊഴിലുകളിൽനിന്ന് മാധ്യമരംഗത്തെ വേർതിരിക്കുന്ന പ്രധാന ഘടകം അതിന്റെ സാമൂഹിക പ്രതിബദ്ധതയാണ്. ഉൽപന്നത്തിന് സ്വന്തമായ നീതിശാസ്ത്രമുള്ള ഒരു രംഗമാണ് പത്രപ്രവർത്തനം. അതുകൊണ്ടാണ് പത്രപ്രവർത്തനത്തിന്റെ മുഖ്യലക്ഷ്യം സേവനമായിരിക്കണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടത്.

## മീഡിയയും ഏകധ്രുവലോകവും

അമേരിക്കയുടെ സാമ്രാജ്യത്വ തന്ത്രങ്ങളെ സമർഥമായി വ്യാഖ്യാനിക്കുകയെന്ന ദൗത്യമാണ് ആഗോള മീഡിയ ഏറ്റെടുത്തിരിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ മാധ്യമരംഗം പൂർണമായും ഭരണകൂടത്തിന്റെ റാൻമൂളികളായി മാറി. *ന്യൂസ് കോർപ്പറേഷൻ, ടൈം വാർണർ, ഡിസ്നി, ബെർടിൽസ്മാൻ, വിയാകോം, ടി.സി.ഐ* എന്നിവയാണ് മാധ്യമരംഗം അടക്കിവാണുകൊണ്ടിരുന്നത്. *ന്യൂയോർക്ക് ടൈംസ്, വാഷിംഗ്ടൺ പോസ്റ്റ്, വാൾസ്ട്രീറ്റ് ജേർണൽ, ടൈം മാഗസിൻ, ന്യൂസ് വീക്ക്* എന്നിവ ആധിപത്യ ശക്തികളുടെ മൂല്യങ്ങളും വീക്ഷണങ്ങളും പ്രസരണം ചെയ്യുന്നതിൽ മത്സരിക്കുകയാണ്. നവലിബറൽ വീക്ഷണങ്ങൾക്ക് ആധിപത്യം ലഭിക്കുന്നതോടുകൂടി ചരിത്രം അവസാനിക്കുമെന്ന് പ്രവചിച്ച ഫുക്കുയാമക്ക് പരിധിയിൽ കവിഞ്ഞ പ്രചാരം നൽകിയത് മീഡിയയാണെന്ന് ദറീദ അഭിപ്രായപ്പെടുന്നു.

കമ്പോള സംസ്കാരത്തെ പ്രതിരോധിക്കുന്ന ഭരണകൂടങ്ങളെ അരക്ഷിതമാക്കുകയെന്ന തന്ത്രമാണ് രണ്ടാം ലോകയുദ്ധം മുതൽ മീഡിയ അനുവർത്തിക്കുന്നത്. ഒന്നാം ലോകയുദ്ധകാലഘട്ടത്തിൽ ആംഗ്ലോ-അമേരിക്കൻ പ്രോപഗണ്ടയുടെ മുന്നിൽ ഹിറ്റ്ലർക്കു പോലും പിടിച്ചുനിൽക്കാനായില്ലെന്നതാണ് യാഥാർഥ്യം.

*വാഷിംഗ്ടൺ പോസ്റ്റ്* ഗവൺമെന്റിനെ കണ്ണടച്ച് ന്യായീകരിക്കുകയാണെന്ന് 1981-ൽ നടന്ന സർവേയിൽ പങ്കെടുത്ത 40 ശതമാനം ആളുകൾ അഭിപ്രായപ്പെടുകയുണ്ടായി. കൈയൂക്കുള്ള വ്യക്തികൾക്കും സംഘടനകൾക്കും മുന്നിൽ *ന്യൂയോർക്ക് ടൈംസ്* ഓച്ചാനിച്ചുനിൽക്കുകയാണെന്ന് 1986-ൽ നടന്ന സർവേയിൽ പങ്കെടുത്ത 50 ശതമാനം ആളുകൾ വ്യക്തമാക്കി. അറുപതുകളിലും എഴുപതുകളിലും അമേരിക്ക വിയറ്റ്നാമിൽ നടത്തിയ അതിക്രമങ്ങളെ മീഡിയ ജനാധിപത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടമെന്നാണ് വിശേഷിപ്പിച്ചത്.




**മാധ്യമങ്ങളുടെ വികസന വീക്ഷണം ഓഹരിയുടമകളുടെ വികസന വീക്ഷണമാണ്. അതുകൊണ്ടാണ് മാധ്യമങ്ങൾക്ക് തൊഴിലാളികൾക്കും അടിസ്ഥാനവർഗത്തിനുമനുകൂലമായ നിലപാട് സ്വീകരിക്കാനാകാത്തത്. ലോകമാധ്യമങ്ങളിൽ തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും പ്രശ്നങ്ങളെ സംബന്ധിച്ച വാർത്തകളുടെ തോത് അതിവേഗം കുറഞ്ഞുവരികയാണെന്ന് മാധ്യമചിന്തകനായ മക്ചെസ്നി ചൂണ്ടിക്കാണിക്കുന്നു.**

മൂന്ന് മുഖങ്ങളോടു കൂടിയാണ് മീഡിയ രക്തച്ചൊരിച്ചിലുകൾ റിപ്പോർട്ട് ചെയ്യുന്നതെന്ന് ചോംസ്കിയും ഹെർമനും അഭിപ്രായപ്പെടുന്നു. സാമ്രാജ്യത്വതാൽപര്യങ്ങൾക്കനുകൂലമായ നരഹത്യയാണ് അതിലാദ്യത്തേത്. ഇതിനെ ആധിപത്യ ശക്തികൾ സൃഷ്ടിപരമായ നരഹത്യകൾ (constructive blood baths) എന്നു വിളിക്കുന്നു. ഇവക്ക് മീഡിയ ഉള്ളുതുറന്ന പിന്തുണയാണ് നൽകുന്നത്. വിയറ്റ്നാമും അഫ്ഗാനിസ്താനും ഇറാഖുമൊക്കെ ഇതിനുദാഹരണങ്ങളാണ്. അമേരിക്കക്ക് പ്രത്യക്ഷമായി ഉപകാരമോ ഉപദ്രവമോ ഇല്ലാത്ത രക്തച്ചൊരിച്ചിലുകളാണ് രണ്ടാമത്തേത്. മീഡിയ ഇവ നിർവികാരതയോടെ റിപ്പോർട്ട് ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യുന്നു. 1972-ലെ ബുറുണ്ടി കലാപവും ഏഷ്യനാഫ്രിക്കൻ രാഷ്ട്രങ്ങളിലെ വംശീയ കലാപങ്ങളും ഇതിനുദാഹരണങ്ങളാണ്. അമേരിക്കൻ താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന രക്തച്ചൊരിച്ചിലുകളാണ് മൂന്നാമത്തേത്. ഇവയെ മീഡിയ അതിശക്തമായി അപലപിക്കുന്നു. ഒന്നോ രണ്ടോ ഇസ്രയേൽ ഭടന്മാർ വധിക്കപ്പെടുമ്പോൾ ബി.ബി.സി വളരെ ദൈന്യതയാർന്ന രൂപത്തിൽ ആവർത്തിച്ചാവർത്തിച്ച് റിപ്പോർട്ട് ചെയ്യുന്നത് ഇതിനോട് ചേർത്തു വായിക്കുക.

അമേരിക്കയിലെ മാധ്യമരംഗം ഭരിക്കുന്നത് ജൂതലോബിയാണ്. ജൂതരുടെ അമേരിക്കയിലെ ജറൂസലമാണ് ന്യൂയോർക്കെന്ന് ഹെൻറി ഫോർഡ് *ദി ഇന്റർനാഷ്നൽ ജ്യൂ* എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. ന്യൂയോർക്കിലെ പത്രങ്ങളെ നിയന്ത്രിക്കുന്നത് ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകളാണ്. ഈ ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകളിൽ എൺപത് ശതമാനത്തിന്റെയും ഉടമസ്ഥത ജൂതമുതലാളിമാർക്കാണ്. അവർക്കെതിരെ വല്ല വാർത്തയും പത്രത്തിൽ വന്നാൽ ജൂതർ ഒന്നടങ്കം ആ പത്രത്തിൽനിന്നും തങ്ങളുടെ പരസ്യങ്ങൾ പിൻവലിക്കുന്നു. തീരെ പ്രചാരമില്ലാത്ത പത്രങ്ങളെ ഒറ്റയടിക്ക് മുഖ്യധാരയിലേക്കെത്തിക്കാനും ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകൾക്ക് സാധിക്കും. അതുകൊണ്ടാണ് അമേരിക്കൻ പത്രങ്ങൾ ജൂതരെ പേടിക്കുന്നതെന്ന് ഫോർഡ് പറയുന്നു.

പാശ്ചാത്യ മൂല്യങ്ങൾക്കനുസരിച്ച് ചിന്തകളെയും മൂല്യങ്ങളെയും ജീവിത വീക്ഷണങ്ങളെയും ക്രമീകരിക്കുന്നവർക്ക് മീഡിയ വൻ സ്വീകാര്യതയാണ് നൽകുന്നത്. *ടൈം* മാഗസിൻ കഴിഞ്ഞ വർഷത്തെ മികച്ച വ്യക്തിത്വമായി തെരഞ്ഞെടുത്തത് ജനങ്ങളെത്തന്നെയാണ്. പാശ്ചാത്യശീലങ്ങൾക്കനുസരിച്ച് ജീവിതത്തെ ക്രമീകരിക്കാൻ ശീലിച്ച മധ്യവർഗത്തെ *ടൈം* മാഗസിന് കണ്ടില്ലെന്ന് നടിക്കാനാകില്ലല്ലോ. അധിനിവേശശക്തികളുടെ ലോകവീക്ഷണത്തെ ചോദ്യം ചെയ്തവരെ മീഡിയ ക്രൂരമായി നേരിട്ട ചരിത്രവും നമ്മുടെ മുന്നിലുണ്ട്. പ്രതിഭാശാലികളായ രണ്ട് മഹദ് വ്യക്തിത്വങ്ങളായിരുന്നു ഐൻസ്റ്റീനും ബർട്രാന്റ് റസ്സലും. രണ്ടുപേരും ആണവായുധത്തിനെതിരെ സംയുക്ത പ്രസ്താവനകളിറക്കിയവർ. ഐൻസ്റ്റീൻ, പക്ഷേ, പ്രിൻസ്റ്റണിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഒതുങ്ങിക്കൂടി. വിയറ്റ്നാം യുദ്ധത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുന്നതിൽ റസ്സൽ മുഖ്യപങ്കുവഹിച്ചു. അതോടുകൂടി *ന്യൂയോർക്ക് ടൈംസ്* റസ്സലിനെതിരെ രംഗത്തുവന്നു. ചിന്താശേഷിയില്ലാത്ത, ഉന്മാദചിത്തനായ ഒരു കിഴവനാണ് റസ്സലെന്ന് *ന്യൂയോർക്ക് ടൈംസ്* പ്രചരിപ്പിച്ചു. അരുന്ധതി റോയിക്ക് കി

ട്ടാത്ത മീഡിയാ കവറേജ് പാശ്ചാത്യമാധ്യമങ്ങളിൽ വി.എസ്. നയ്പോളിനും റുശ്ദിക്കും ലഭിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

ഇസ്‌ലാമിനെ ആധുനീകരിച്ച്, ഘടനാപരമായ മാറ്റത്തിന് വിധേയമാക്കണമെന്നും, അങ്ങനെ ഇസ്‌ലാമിന്റെ സമരവീര്യം ഇല്ലായ്മചെയ്യണമെന്നും ആവശ്യപ്പെടുന്നവർക്ക് മീഡിയ വൻ കവറേജാണ് നൽകുന്നത്. ജനാധിപത്യബോധമില്ലാത്ത ഹമാസിന് നിലനിൽക്കാനർഹതയില്ലെന്ന് വാദിക്കുന്ന ഫരീദ് സകരിയ്യ *ന്യൂസ് വീക്കി*ന് പ്രിയങ്കരനായിത്തീരുന്നത് നാം കാണുന്നു.

## മീഡിയയുടെ ഭീകരവേട്ട

ഒരു സംസ്കാരത്തെയും ജനതയെയും ഉന്മൂലനം ചെയ്യുന്നതിനുള്ള ആദ്യ ചുവടുവെപ്പ് ആ സംസ്കാരത്തെ നിഗൂഢവൽക്കരിക്കുകയും അന്യവൽക്കരിക്കുകയും ചെയ്യുക എന്നതാണ്. പിന്നീടാണ് റുഡ്യാർഡ് കിപ്ലിംഗ് വിശേഷിപ്പിച്ച 'സാംസ്കാരിക ദൗത്യം' അരങ്ങേറുന്നത്. ആഫ്രിക്കൻ ജനതയെയും സംസ്കാരത്തെയും നിഗൂഢവൽക്കരിക്കുന്നതിൽ കൊളംബസ്, ഗാമ, മെഗല്ലൻ തുടങ്ങിയ സാമ്രാജ്യത്വ പര്യവേക്ഷകർ നടത്തിയ ശ്രമങ്ങൾ നിസ്സാരമല്ല. ഇവർ മെനഞ്ഞെടുത്ത ദുരൂഹതകളാണ് ഇന്ന് ഇംഗ്ലീഷ് സാഹിത്യത്തിന്റെ കാതലായി വർത്തിക്കുന്നത്. ഈ നിഗൂഢവൽക്കരണത്തിന്റെ രക്തസാക്ഷിയായിരുന്നു സദ്ദാം ഹുസൈൻ. സദ്ദാമിന്റെ അപരന്മാർ, രഹസ്യഅറകൾ, ആണവ റിയാക്ടറുടെ സ്കെച്ചുകൾ എന്നിവ നമ്മുടെ മുഖ്യധാരാ പത്രങ്ങളിലെ പ്രധാന പ്രമേയങ്ങളായിരുന്നുവല്ലോ. മുതലാളിത്ത പാദസേവകരായ ഈ മഞ്ഞപ്പത്രങ്ങൾ അവസാനം സദ്ദാമിനെ രക്തസാക്ഷിയാക്കി വാഴ്ത്തി എന്നതാണ് ആശ്ചര്യകരം. ഇന്നലത്തെ വില്ലനെ നാളത്തെ ഹീറോ ആക്കാൻ മീഡിയക്ക് സാധിക്കുമെന്ന് റൂപർട്ട് മർഡോക്ക് പറഞ്ഞത് കൃത്യമായി പുലർന്നിരിക്കുന്നു. ഇപ്പോൾ ഇറാനെയും നിജാദിനെയും നിഗൂഢവൽക്കരിക്കാൻ നമ്മുടെ മുഖ്യധാരാപത്രങ്ങൾ ശ്രമങ്ങളാരംഭിച്ചു കഴിഞ്ഞു. പിന്നീട് നിജാദിന്റെ കഴുത്തിൽ കൊലക്കയർ മുറുകുമ്പോൾ അദ്ദേഹത്തിന് രക്തസാക്ഷിത്വപരിവേഷം നൽകാൻ ഈ മഞ്ഞപ്പത്രങ്ങൾ തന്നെയാവും മുന്നിലുണ്ടാവുക.

'എല്ലാ മുസ്‌ലിംകളും ഭീകരരല്ല, എന്നാൽ എല്ലാ ഭീകരരും മുസ്‌ലിംകളാണ്' എന്ന സംഘ്പരിവാർ കാമ്പയിൻ ജനമനസ്സുകളിൽ ദൃഢീകരിക്കുന്നതിനു വേണ്ടതൊക്കെ ചെയ്യുന്നുണ്ട് കേരളത്തിലെ മാധ്യമസമൂഹം. അക്ബർ രാജ് എന്ന ചെറുപ്പക്കാരൻ ഇന്ത്യൻ പ്രസിഡന്റിന് ഇ-മെയിൽ അയച്ചപ്പോൾ അയാൾക്ക് മനോരോഗമുണ്ടെന്ന് വിധിക്കാൻ പത്രസ്ഥാപനങ്ങളിലെ മനോരോഗവിദഗ്ധർ വൈമനസ്യം കാണിച്ചു. എന്നാൽ കുമളിയിൽ വിദേശ ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ടപ്പോൾ മിനിറ്റുകൾക്കകം പത്രസ്ഥാപനങ്ങളിലെ മനോരോഗവിദഗ്ധർ പ്രതി മനോരോഗിയാണെന്ന് കണ്ടെത്തുകയായിരുന്നു. പാർലമെന്റ് ആക്രമണക്കേസിനെ *ഹിന്ദുസ്ഥാൻ ടൈംസ്, ടൈംസ് ഓഫ് ഇന്ത്യ, ദ ഹിന്ദു* തുടങ്ങിയ പത്രങ്ങൾ മുൻവിധിയോടെ സമീപിച്ചുവെന്ന് അരുന്ധതി റോയ് *ദ സ്ട്രേഞ്ച് കേസ് ഓഫ് ദി അറ്റാക്ക് ഓൺ ഇന്ത്യൻ പാർലമെന്റ്* എന്ന കൃതിയിൽ വ്യക്തമാക്കുന്നു. മീഡിയക്ക് സംഭവിച്ച മൗലിക വ്യതിയാനങ്ങളിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്.

## മീഡിയയും അടിസ്ഥാനജനതയും

മാധ്യമങ്ങളുടെ വികസന വീക്ഷണം ഓഹരിയുടമകളുടെ വികസന വീക്ഷണമാണ്. അതുകൊണ്ടാണ് മാധ്യമങ്ങൾക്ക് തൊഴിലാളികൾക്കും അടിസ്ഥാനവർഗത്തിനുമനുകൂലമായ നിലപാട് സ്വീകരിക്കാനാകാത്തത്. ലോകമാധ്യമങ്ങളിൽ തൊഴിലാളികളുടെയും പാവപ്പെട്ടവരുടെയും പ്രശ്നങ്ങളെ സംബന്ധിച്ച വാർത്തകളുടെ തോത് അതിവേഗം കുറഞ്ഞുവരികയാണെന്ന് മാധ്യമചിന്തകനായ മക്ചെസ്നി ചൂണ്ടിക്കാണിക്കുന്നു. കർഷകരുടെയും ഗ്രാമീണജനതയുടെയും പ്രശ്നങ്ങൾ, ഭവനരാഹിത്യം, വിദ്യാഭ്യാസപ്രശ്നങ്ങൾ, ആദിവാസികളുടെ പ്രശ്നങ്ങൾ, ദലിതരും സ്ത്രീകളും കുട്ടികളും അനുഭവിക്കുന്ന പ്രശ്നങ്ങൾ, കുടിവെള്ളക്ഷാമം തുടങ്ങിയ വിഷയങ്ങളിൽ നമ്മുടെ മുഖ്യധാരാ പത്രങ്ങൾ സ്പെഷ്യലൈസ് ചെയ്യുന്നില്ലെന്ന് പി. സായ്നാഥും അസ്ഗറലി എഞ്ചിനീയറും കുറ്റപ്പെടുത്തുന്നു.

പള്ളിപ്പെരുന്നാളും നേർച്ചകളും ഉറൂസുകളും റിപ്പോർട്ട് ചെയ്യുന്ന നിർവികാരതയോടെയാണ് മുഖ്യധാരാ പത്രങ്ങൾ അടിസ്ഥാന ജീവിത പ്രശ്നങ്ങളെ റിപ്പോർട്ട് ചെയ്യുന്നത്. മണ്ഡൽ കമീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളിൽ മാധ്യമങ്ങൾ ദലിതരെ പരിഹസിക്കുകയായിരുന്നു. അധിനിവേശ തന്ത്രങ്ങൾക്കെതിരെ നിലയുറപ്പിക്കാനും പൗരാവകാശത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾക്ക് കരുത്തു പകരാനും മാധ്യമങ്ങൾക്ക് സാധിക്കുമ്പോൾ ജനങ്ങൾ പ്രതീക്ഷയോടെ അവയെ സ്വീകരിക്കുമെന്നതിൽ സംശയമില്ല.

**ഞങ്ങൾ ജനപക്ഷത്ത് നിൽക്കുന്നു, അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ പത്രം വായിക്കൂ എന്ന അവകാശവാദം മുഖ്യധാരാപത്രങ്ങളുടെ പരസ്യബോർഡുകളിൽ കാണുകയില്ല. ഉപഭോഗതൃഷ്ണ വളർത്തുന്നതിനുവേണ്ട എല്ലാ ചേരുവകളും പത്രമുതലാളിമാർക്ക് നന്നായറിയാം. മണിചെയിൻ, ലോട്ടറി, സിനിമാ പരസ്യങ്ങൾ, തൂലികാസൗഹൃദം, ബലഹീനതക്കുള്ള മരുന്നുകൾ, ജ്യോതിഷ പരിഹാര ക്രിയകൾ, റിയൽ എസ്റ്റേറ്റ് തുടങ്ങി ജനങ്ങളുടെ പ്രതിലോമ/ദുർബല വികാരങ്ങളെ ചൂഷണം ചെയ്യുന്നതിൽ മീഡിയ വിജയിച്ചിരിക്കുകയാണ്.**



## മീഡിയയും ഉപഭോഗസംസ്കാരവും

2002-ൽ ആസ്ത്രിയയിലെ സാൾഡ് ബർഗിൽ ചേർന്ന ലോക പത്രപ്രവർത്തക സമ്മേളനത്തിന്റെ മുഖ്യചർച്ചാവിഷയം വാണിജ്യതാൽപര്യങ്ങളിൽനിന്ന് എത്രത്തോളം പത്രപ്രവർത്തനത്തെ മോചിപ്പിക്കാമെന്നതായിരുന്നു. നവലിബറൽ ആഗോളീകരണത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കൾ അമേരിക്കയിലെ മീഡിയാ കോർപറേഷനുകളാണ്. അമേരിക്കയിൽ മാധ്യമരംഗം നിയന്ത്രിക്കുന്ന കമ്പനികൾക്ക് വൻകിട വ്യവസായങ്ങളിലും യുദ്ധസാമഗ്രി നിർമാണ മേഖലയിലും വൻ നിക്ഷേപമുണ്ട്. അക്കാരണത്താൽ യുദ്ധവും കലാപവും മാധ്യമമുതലാളിമാർക്ക് അവരുടെ വ്യാവസായിക വികസനത്തിന് അനിവാര്യമായിത്തീരുന്നു. ഡിഡക്ഷൻ അഥവാ വിലോപനത്തിലൂടെ സാമ്രാജ്യത്വ ഉൽപന്നങ്ങളുടെ മൊത്തക്കച്ചവടക്കാരായി മാറാൻ മീഡിയ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വ്യവ

സായ ഭീമന്മാർക്കു വേണ്ടിയാണ് മീഡിയ പരിപാടികൾ ആവിഷ്കരിക്കുന്നത്. മൂല്യവത്തായ പരിപാടികൾ ആവിഷ്കരിക്കുകയും പരസ്യക്കാർ അതിനു പിന്നാലെ വരികയും ചെയ്യുകയെന്ന രീതി എന്നേ ഇല്ലാതായിരിക്കുന്നു. മീഡിയ പുതിയ സ്റ്റാറുകളെ രംഗത്തിറക്കുകയും പിന്നീട് അവരെ ബ്രാന്റ് അംബാസഡർമാരാക്കി ഉൽപന്നങ്ങളുടെ വിപണനസാധ്യതകൾ കണ്ടെത്തുകയും ചെയ്യുന്നു. നല്ലൊരു കാർ, നല്ല കമ്പനിയുടെ മൊബൈൽ ഫോൺ, ഹൗസിംഗ് ലോൺ, പൊന്ന് വിളയുന്ന ഭൂമി എന്നിവ വേണമെങ്കിൽ ഞങ്ങളുടെ പത്രം വായിക്കൂ എന്ന പരസ്യം മുഖ്യധാരാ പത്രങ്ങളുടെ പരസ്യബോർഡുകളിൽ കാണാം. ഞങ്ങൾ ജനപക്ഷത്ത് നിൽക്കുന്നു, അതുകൊണ്ട് നിങ്ങൾ ഞങ്ങളുടെ പത്രം വായിക്കൂ എന്ന അവകാശവാദം മുഖ്യധാരാപത്രങ്ങളുടെ പരസ്യബോർഡുകളിൽ കാണുകയില്ല. ഉപഭോഗതൃഷ്ണ വളർത്തുന്നതിനുവേണ്ട എല്ലാ ചേരുവകളും പത്രമുതലാളിമാർക്ക് നന്നായറിയാം. മണിചെയിൻ, ലോട്ടറി, സിനിമാ പരസ്യങ്ങൾ, തൂലികാസൗഹൃദം, ബലഹീനതക്കുള്ള മരുന്നുകൾ, ജ്യോതിഷ പരിഹാര ക്രിയകൾ, റിയൽ എസ്റ്റേറ്റ് തുടങ്ങി ജനങ്ങളുടെ പ്രതിലോമ/ദുർബല വികാരങ്ങളെ ചൂഷണം ചെയ്യുന്നതിൽ മീഡിയ വിജയിച്ചിരിക്കുകയാണ്. വരേണ്യ പ്രഭുക്കളുടെ വിലകുറഞ്ഞ പരദൂഷണങ്ങൾക്കും ഗോസിപ്പുകൾക്കും, ചാരക്കഥകൾക്കും വയലൻസിനും പത്രങ്ങൾ യഥേഷ്ടം പേജുകൾ നീക്കിവെക്കുന്നുവെന്നതാണ് വസ്തുത.

## മീഡിയയുടെ ഇന്ത്യൻ വർത്തമാനം

ആഗോള മാധ്യമങ്ങളിൽനിന്ന് വ്യത്യസ്തമായി ഇന്ത്യയിലെയും കേരളത്തിലെയും മാധ്യമങ്ങൾക്ക് പോരാട്ടത്തിന്റെ ഒരു പശ്ചാത്തലമുണ്ട്. ഗാന്ധിജിയും ചലപതി റാവുവും ഗംഗാകിഷോർ ഭട്ടാചാര്യയുമൊക്കെ തങ്ങളുടെ പത്രങ്ങളിലൂടെ ബ്രിട്ടീഷ് ഭരണകൂടത്തെ ആഞ്ഞടിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മീഡിയ ന്യൂനപക്ഷം വരുന്ന കുലീനവിഭാഗത്തിനു വേണ്ടിയാണ് ശബ്ദിച്ചത്. 1970-കളിൽ ദൂരദർശൻ ദൽഹിയിലെ വരേണ്യർക്കുവേണ്ടി പരിപാടികൾ ആവിഷ്കരിച്ചു. അടിയന്തരാവസ്ഥയുടെ കാലത്ത് പത്രങ്ങൾ ഒന്നടങ്കം ഭരണകൂടത്തിനു മുന്നിൽ മൗനമവലംബിക്കുകയായിരുന്നു. 1980-കളോടെ മാധ്യമ മേഖലയിൽ വ്യക്തമായ വൈകല്യം സംഭവിച്ചു. അതുകൊണ്ടാണ് മുതലാളിത്ത വികാസത്തിന്റെ മുഖക്കണ്ണാടികളാണ് ഇന്ത്യയിലെ ഭാഷാപത്രങ്ങളെന്ന് പത്രവിപ്ലവത്തെ കുറിച്ച് പഠനം നടത്തിയ റോബിൻ ജഫ്രി

**ഫോർത് എസ്റ്റേറ്റിനെ നിയന്ത്രിക്കാൻ ഫിഫ്ത് എസ്റ്റേറ്റ് അഥവാ പൊതുജനാഭിപ്രായം കൂടുതൽ ക്രിയാത്മകമായി വളർന്നുവരേണ്ടതുണ്ട്. സന്തുലിതമായ ഒരു വാർത്താവിതരണക്രമം അനിവാര്യമാണെന്ന് ഐക്യരാഷ്ട്രസഭ നിയമിച്ച മക്ബ്രൈഡ് കമീഷൻ നിർദേശിച്ചിരുന്നു. അമേരിക്ക അച്ചുതണ്ടായിത്തീർന്ന പുതുലോകക്രമത്തിൽ പുതുവാർത്താ വിതരണക്രമത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തണമെങ്കിൽ ഇച്ഛാശക്തിയുള്ള ഒരു ജനസമൂഹം ഉയർന്നുവരിക അനിവാര്യമാണ്.**

അഭിപ്രായപ്പെട്ടത്.

പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ പുറത്തിറക്കിയ 'Future of Print Media' എന്ന ഗ്രന്ഥത്തിൽ മാധ്യമങ്ങളെ ബാധിച്ച അപചയങ്ങളെ 16 തലക്കെട്ടുകളിലായി സംഗ്രഹിക്കുന്നുണ്ട്:

1. അടിസ്ഥാന ജനവിഭാഗങ്ങളെ കുറിച്ച വാർത്തകൾ ഒഴിവാക്കപ്പെടുന്നു.
2. സാമ്പത്തികകാര്യ ലേഖകന്മാർ അമിതാധികാരം കാണിക്കുന്നു.
3. രാഷ്ട്രീയക്കാരും സ്ഥാപനങ്ങളും പത്രപ്രവർത്തകരെ വിലയ്ക്കെടുക്കുന്നു.
4. പത്രങ്ങൾ വികസനപ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നില്ല.
5. വാണിജ്യവൽക്കരണം അതിരുകടക്കുന്നു.
6. സ്ത്രീ സമൂഹം തെറ്റായി പ്രതിനിധീകരിക്കപ്പെടുന്നു.
7. സെൻസേഷനൽ വാർത്തകളിൽ പത്രങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കുന്നു.
8. വ്യക്തികളുടെ സ്വകാര്യതകൾ നശിപ്പിക്കപ്പെടുന്നു.
9. ദുർബലമായ കേന്ദ്രങ്ങളിൽനിന്ന് വാർത്തകൾ ശേഖരിക്കുന്നു.
10. പരസ്യങ്ങളെയും വാർത്തകളെയും വേർതിരിക്കാനാകുന്നില്ല.
11. പത്രപ്രവർത്തകർക്ക് കൃത്യമായ യോഗ്യതകളില്ല.
12. വാർത്ത പ്രസിദ്ധീകരിക്കുന്നതിലും തടഞ്ഞുവെക്കുന്നതിലും നിക്ഷിപ്ത താൽപര്യങ്ങൾ പ്രവർത്തിക്കുന്നു.
13. പരസ്യങ്ങൾ പത്രങ്ങളെ വിഴുങ്ങുന്നു.
14. പത്രങ്ങൾ പാശ്ചാത്യ സംസ്കാരത്തിന്റെ വാഹകരായി മാറുന്നു.
15. അഴിമതി റിപ്പോർട്ട് ചെയ്യുമ്പോൾ പക്ഷപാതിത്തം കാണിക്കുന്നു.
16. ക്രിമിനലുകളെയും സാമൂഹിക തിന്മകളെയും മഹത്വവൽക്കരിക്കുന്നു.

ജാതിചിന്ത പ്രബലമാക്കുന്നതിലും സാമുദായികധ്രുവീകരണത്തിന് കളമൊരുക്കുന്നതിലും മീഡിയയുടെ റോൾ നിസ്സാരമല്ല. 1992-'93-ലെ ബോംബെ കലാപത്തിൽ *സാമ്ന*യും ഗുജറാത്ത് കലാപത്തിൽ *ഗുജറാത്ത് സമാചാറും സന്ദേശും* നിർവഹിച്ച പങ്ക് കുപ്രസിദ്ധമാണ്. ഗുജറാത്ത് കലാപവേളയിൽ *സന്ദേശി*ന് സർക്കുലേഷനിൽ ഒന്നരലക്ഷം വർധനവാണുണ്ടായത്.

## പ്രതിരോധം

മാധ്യമങ്ങളും മാധ്യമസമൂഹവും അനുദിനം അരാഷ്ട്രീയവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അധിനിവേശത്തിനും സാമൂഹികതിന്മകൾക്കുമെതിരെ പ്രതികരിക്കുന്നതിൽ മീഡിയയുടെ കരുത്ത് ചോർന്നുപോയ്ക്കൊണ്ടിരിക്കുന്നു. എന്നാൽ മീഡിയയുടെ അരാഷ്ട്രീയവൽക്കരണത്തിനെതിരെ പ്രതിരോധത്തിന്റെ ചെറുനാളങ്ങൾ ഇന്ന് ദൃശ്യമായിക്കൊണ്ടിരിക്കുന്നു. *അൽജസീറ*, ലാറ്റിനമേരിക്കയിലെ *ടെലിസർ* എന്നീ ചാനലുകൾ പ്രതീക്ഷകൾ നൽകുന്നു.

മീഡിയയുടെ വാണിജ്യവൽക്കരണത്തിനെതിരെ അമേരിക്കയിൽ രൂപംകൊണ്ട പ്രസ്ഥാനമാണ് 'കൾച്ചറൽ എൻവയോൺമെന്റ് മൂവ്മെന്റ്'(CEM). അമേരിക്ക, ജർമനി, എൽസാൽവഡോർ എന്നീ രാഷ്ട്രങ്ങളിൽ മാധ്യമരംഗം ജനകീയവൽക്കരിക്കുന്നതിനുള്ള കൂട്ടായ്മകൾ സജീവമാണ്. വേൾഡ് അസോസിയേഷൻ ഓഫ് കമ്യൂണിറ്റി റേഡിയോ ബ്രോഡ്കാസ്റ്റേഴ്സ് (AMARC), ഗ്ലോബൽ ആൾട്ടർനേറ്റീവ് മീഡിയ അസോസിയേഷൻ (GAMA) എന്നിവയും ഫ്രാൻസിലെ സിൻസിനെയും ആധിപത്യത്തിനെതിരെ നിലയുറപ്പിക്കുന്ന പ്രസ്ഥാനങ്ങളാണ്.

ഇത്തരം വിപ്ലവകരമായ മാറ്റങ്ങൾക്ക് കേരളം പാകപ്പെടുന്നില്ല എന്നത് ഖേദകരമാണ്. ഫോർത് എസ്റ്റേറ്റിനെ നിയന്ത്രിക്കാൻ ഫിഫ്ത് എസ്റ്റേറ്റ് അഥവാ പൊതുജനാഭിപ്രായം കൂടുതൽ ക്രിയാത്മകമായി വളർന്നുവരേണ്ടതുണ്ട്. സന്തുലിതമായ ഒരു വാർത്താവിതരണക്രമം അനിവാര്യമാണെന്ന് ഐക്യരാഷ്ട്രസഭ നിയമിച്ച മക്ബ്രൈഡ് കമീഷൻ നിർദേശിച്ചിരുന്നു. അമേരിക്ക അച്ചുതണ്ടായിത്തീർന്ന പുതുലോകക്രമത്തിൽ പുതുവാർത്താ വിതരണക്രമത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തണമെങ്കിൽ ഇച്ഛാശക്തിയുള്ള ഒരു ജനസമൂഹം ഉയർന്നുവരിക അനിവാര്യമാണ്. ■